(ബി) റേഷൻ കടകളിലൂടെ ഉപയോഗയോഗ്യമായ അരിവിതരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) മലബാർ ഭാഗത്ത് റേഷൻ കടകളിലൂടെ ആവശ്യത്തിന് പച്ചരി വിതരണം ചെയ്യാൻ നടപടി സ്വീരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണത്തിൽ ഉപയോഗയോഗ്യമായ അരിയാണ് വിതരണം നടത്തിയതെന്ന് അറിയാൻ കഴിഞ്ഞു.

(ബി) ഉപയോഗയോഗ്യമായ അരി മാത്രമേ വിതരണത്തിന് തെര ഞ്ഞെടുക്കാറുള്ളൂ. ഉപയോഗയോഗ്യമായ അരി തന്നെയാണ് വിതരണം നട ത്തിവരുന്നതും.

(സി) കഴിഞ്ഞ റംസാൻ, ക്രിസ്തുമസ്, ആഘോഷവേളയിൽ ആവ ശ്യത്തിന് പച്ചരി ലഭ്യമാക്കുന്നതിന് ഫുഡ് കോർപ്പറേഷൻ റീജിയണൽ മാനേ ജർക്ക് നിർദ്ദേശം നൽകിയിരുന്നു. ആവശ്യത്തിന് പച്ചരി ലഭ്യതയുടെ അടി സ്ഥാനത്തിൽ എല്ലാ ഡിപ്പോകളിലും എത്തിച്ചിട്ടുണ്ട്. തുടർന്നും മലബാർ ഭാഗത്ത് റേഷൻ കടകളിലൂടെ ആവശ്യത്തിന് പച്ചരി വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

144 (2458) റേഷൻ കാർഡ് പരിഷ്കരണം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് പരിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശി ക്കുന്നത്;

(സി) നിലവിലുള്ള റേഷൻ കാർഡ് എന്നുവരെ ഉപയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) റേഷൻകാർഡ് പുതുക്കുമ്പോൾ ചില പരിഷ്കാരങ്ങൾ വരു ത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിനു വെളിയിൽ താമസിക്കുന്ന കേരളീയരുടെ പേര് റേഷൻ കാർഡിൽ ചേർക്കുന്നതിന് ഒരു പ്രത്യേക പേജ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 2000 ഡിസംബർ 31-വരെ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

145 (2459) നാട്ടാനകൾക്കുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് പഠനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നാട്ടാനകൾക്കുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) രോഗംമൂലം നാട്ടാനകൾ ചരിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്; ഇവയുടെ പേര് വെളിപ്പെടുത്തുമോ;

(ഡി) ആനകളുടെ ആമാശയത്തിൽ പഴുപ്പ് ഉണ്ടാകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) കുടൽവീക്കംമൂലം ആനകൾ ചരിയുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്)തൃശ്ശൂർ ശങ്കരംകുളങ്ങര ക്ഷേത്രത്തിലെ ഗണേശൻ, മുണ്ടത്തിക്കോട് ഉണ്ണിക്കൃഷ്ണൻ, കൂട്ടംകുളങ്ങര ക്ഷേത്രത്തിലെ കണ്ണൻ എന്നീ ആനകൾ ചരിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കണ്ണൻ എന്ന ആനക്കുട്ടി ചരിഞ്ഞത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) വിവരം ലഭ്യമല്ല.

(ഡി) പലതരം രോഗാണുക്കൾ മൂലവും ശരിയായ ആഹാരക്രമം പാലിക്കാത്തതുമൂലവും ആമാശയത്തിൽ പഴുപ്പ് ഉണ്ടാകാറുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തി ആകാത്ത ആനകൾക്ക് ഭക്ഷണത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും അണുബാധയുംമൂലം ആനക്കുട്ടികൾ ചരിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്)ഉണ്ട്.

(ജി) അന്വേഷണം നടത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പ്രകാരം കാർഡിയാക് ഹൈപ്പർട്രോപി, പൾമനറി കൺജഷൻ, ഹെമറേജ്, അൾസറേഷൻ സ്റ്റൊമക് എന്നിവയാണ് മരണകാരണം. ഇന്റസ്റ്റൈൻ പോസ്റ്റ്മോർട്ടം ഡയമണോസിസ് പ്രകാരം അൾസറേറ്റീവ് ഗ്യാസ്ട്രോ ഇന്റൈറ്റീവ് ഗ്യാസ്ട്രോ ഇന്റൈറ്റീസ്, ടോക്സീമിയ എന്നിവ മരണഹേതുവാകുന്നു.

146 (2460) മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുക

ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :

LIBRARY ARCHIVES Kerala Legislative Assembly